പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5770 | 02.07.2014 ന് മറുപടിയ്ക്ക്

## ഐ.റ്റി.ഐ. കോഴ്സുകളിൽ കാലോചിതമായ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.റ്റി.ഐ. കളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾ ഏതെല്ലാം ഐ.ടി.ഐ. കളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ഇപ്പോൾ നടത്തി വരുന്ന കാലഹരണപ്പെട്ടതും/ജോലി സാധ്യത കുറഞ്ഞതുമായ ട്രേഡുകൾക്ക് പകരം നൂതനമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭമായി സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾമാരിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഈ കോഴ്സുകൾ എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ? | (സി) 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിലേയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ